ഭരണഭാഷ — മാതൃഭാഷ

നമ്പർ.ബി.1/3632/റ്റി.സി./2014

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 25.06.2014.

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,
നെയ്യാറ്റിൻകര.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — കോൺട്രാക്ട് കാര്യേജിന്റെ ടാക്സ് സ്വീകരിക്കുന്നത് — സംബന്ധിച്ച്.

സൂചന :- 1. താങ്കളുടെ 26.05.2014-ലെ സി.2/2083/എൻ.റ്റി.എ/2014 നമ്പർ കത്ത്.
2. താങ്കളുടെ 20.05.2014-ലെ സി.1/2040/എൻ.റ്റി.എ/2014 നമ്പർ കത്ത്.

മേൽ സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. കെ.എൽ.01.എ.എൽ.2025 എന്ന കോൺട്രാക്ട് ക്യാരേജ് വാഹനം 2005-ൽ നിർമ്മിച്ചതായതിനാലും 2005-ന് മുൻപ് 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 126 അനുസരിച്ച് ഏതെങ്കിലും കേന്ദ്ര സർക്കാർ ഏജൻസി നൽകിയ അപ്രൂവൽ സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്തതിനാലും ടി വാഹനത്തിന് 2006-ൽ എ.ആർ.എ.ഐ നൽകിയ അപ്രൂവൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സീറ്റുകളുടെ എണ്ണം/സ്വഭാവം എന്നിവ നിശ്ചയിക്കേണ്ടതാണ്. സീറ്റുകളുടെ എണ്ണം/സ്വഭാവം എ.ആർ.എ.ഐ സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിട്ടില്ലെങ്കിൽ അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റി എന്ന നിലയിലും ടാക്സേഷൻ ഓഫീസർ എന്ന നിലയിലും വാഹനത്തിന്റെ സീറ്റിന്റെ എണ്ണം/സ്വഭാവം എന്നിവയിൽ ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്. ഇത്തരം വാഹനങ്ങളിൽ സീറ്റുകളുടെ എണ്ണം കുറച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ സർക്കാരിന് വരുമാനനഷ്ടം വരാതിരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഈ വാഹനങ്ങൾ നിരന്തരം പരിശോധിയ്ക്കുകയും ആർ.സി. ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള സീറ്റുകളുടെ സ്വഭാവത്തിൽ വ്യത്യാസമുണ്ടെങ്കിൽ അഥവാ ആർ.സി. ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള സീറ്റുകളുടെ എണ്ണത്തേക്കാൾ അധിക സീറ്റുകൾ വച്ചിട്ടുണ്ടെങ്കിൽ (അല്ലെങ്കിൽ സീറ്റുകളുടെ എണ്ണത്തേക്കാൾ അധികം യാത്രക്കാരെ കയറ്റിക്കൊണ്ടുപോകുകയാണെങ്കിൽ) വാഹനത്തിന് 01.04.2014 മുതൽ ലഭിയ്ക്കാനുള്ള ബാക്കി നികുതിയും അഡീഷണൽ ടാക്സും പലിശയും ഈടാക്കേണ്ടതുമാണ്.

സൂചന (2)-ലെ കത്തിൽ പ്രതിപാദിയ്ക്കുന്ന കെ.എൽ.19.ബി.6 എന്ന വാഹനത്തിന് എ.ആർ. എ.ഐ. സർട്ടിഫിക്കറ്റിൽ പറഞ്ഞിട്ടുള്ള സീറ്റുകളുടെ എണ്ണം, സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ

ടാക്സ് നിശ്ചയിക്കേണ്ടതാണ്. ഇത്തരത്തിൽ ടാക്സ് അടയ്ക്കുന്നതിന് വാഹന ഉടമ വിസമ്മതം പ്രകടിപ്പിയ്ക്കുകയാണെങ്കിൽ 27.05.2011-ലെ സി.1/8989/റ്റി.സി./2011 എന്ന കത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്. അതുപോലെതന്നെ തന്നെ ഒരു വാഹനത്തിന് സീറ്റുകളുടെ എണ്ണം കുറച്ച് സൗകര്യം കൂട്ടുന്നതിന് വാഹന ഉടമയ്ക്ക് തീരുമാനമെടുക്കാവുന്നതാണ്. എന്നാൽ, സർക്കാരിന് വരുമാന നഷ്ടം ഉണ്ടാകുവാൻ പാടില്ല. അതായത് സീറ്റുകളുടെ എണ്ണം കുറച്ചാലും ആർ.സി. ബുക്കിൽ രജിസ്റ്റർ ചെയ്ത സമയത്തെ ആകെ സീറ്റുകളുടെ എണ്ണത്തിനു തന്നെ ടാക്സ് അടയ്ക്കേണ്ടതാണ്. ഇത് ബഹു. ഹൈക്കോടതി വിവിധ ഉത്തരവുകളിൽ പറഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ സീറ്റുകൾ ആൾട്ടറേഷൻ നടത്തുന്നത് 1989-ലെ കേരള മോട്ടോർ വെഹിക്കിൾ റൂളിലെ റൂൾ 268, 269, 270 എന്നിവയുടെ അടിസ്ഥാനത്തിൽ ആയിരിയ്ക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

പകർപ്പ്:- എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ(ചെക്ക് പോസ്റ്റ്) മാർക്കും.

അംഗീകാരത്തോടെ,

28.6.14

സീനിയർ സൂപ്രണ്ട്.

28/6/14

ജെ.എസ്.

മോട്ടോർ വാഹന വകുപ്പ്, കേരള